# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.530 07.01.2014-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

## റിസർവ് ബാങ്കിന്റെ വിലയിരുത്തൽ

| ചോദ്യം | മറുപടി |
|---|---|
| (എ)<br>കേരളം ധനിക സംസ്ഥാനമാണെന്ന റിസർവ് ബാങ്കിന്റെ വിലയിരുത്തൽ മൂലം കേന്ദ്രവിഹിതത്തിൽ കുറവ് വരുത്തരുതെന്ന ആവശ്യം പതിനാലാം ധനകാര്യ കമ്മീഷനെ ബോദ്ധ്യപ്പെടുത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ; | സംസ്ഥാനങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച രഘുറാം രാജൻ കമ്മിറ്റി റിപ്പോർട്ടിലെ അപാകതകൾ ചൂണ്ടിക്കാട്ടിയും പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കരുതെന്നും ആവശ്യപ്പെട്ട് ബഹു:മുഖ്യമന്ത്രി വിശദമായ കത്ത് ബഹു:പ്രധാനമന്ത്രിക്ക് അയച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് 14-ാം ധനകാര്യ കമ്മീഷന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.<br>സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് (1971-ലെ) മുൻതൂക്കം നൽകുകയും വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്ത്കൊണ്ട് ജനസംഖ്യയെ ക്രമപ്പെടുത്തി മാനദണ്ഡമാക്കേണ്ടതാണെന്നും 14-ാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ റവന്യൂ ചെലവിന്റെ മുഖ്യ പങ്കും ആരോഗ്യ വിദ്യാഭ്യാസ മേഖലകളുടെ വികസനത്തിനാണ് വിനിയോഗിക്കുന്നത്. അതിന്റെ ഫലമായി സംസ്ഥാനം വികസിത രാജ്യങ്ങളുടെ മാനവിക വികസന നിലവാരത്തോട് കിടപിടിക്കുന്നതായിട്ടുണ്ട്. |

| | |
|---|---|
| | എന്നാൽ വികസിത രാജ്യങ്ങളെപ്പോലെ ഈ മേഖലകളിൽ ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സാമ്പത്തികപരമായി നേരിടാൻ സംസ്ഥാനത്തിന് കഴിയുന്നില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനം ആർജിച്ച ഉയർന്ന മാനവിക വികസനം നിലനിർത്തുന്നതിന് മതിയായ സാമ്പത്തിക സഹായം നൽകണമെന്ന് 14-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി)<br>സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് പതിനാലാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | 14-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ മുൻകാലങ്ങളിൽ കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച വായ്പകളും അതിന്മേലുള്ള പലിശയും എഴുതി തള്ളണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി)<br>പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ''കസ്തൂരിരംഗൻ'' റിപ്പോർട്ട് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ? | പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന് നേരിടേണ്ടിവരുന്ന ബാധ്യത പരിഗണിച്ച് 13-ാം ധനകാര്യ കമ്മീഷൻ വനസംരക്ഷണത്തിന് അനുവദിച്ച ഗ്രാന്റിനെക്കാൾ ഗണ്യമായ ഒരു തുക 14-ാം ധനകാര്യ കമ്മീഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന് സംസ്ഥാനം നൽകുന്ന സംഭാവന കണക്കിലെടുത്ത് സംസ്ഥാനത്തിന് പ്രത്യേക കോമ്പൻസേഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**